**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1320** **04.02.2019 ൽ മറുപടിയ്ക്ക്**

**കോട്ടകമ്പൂരിലെ ഭൂമി കയ്യേറ്റം**

| **ചോദ്യം**<br>**ശ്രീ. പി.ടി. തോമസ്** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ കോട്ടകമ്പൂരിൽ ഭൂമി കയ്യേറി എന്ന കേസിൽ ഭൂമി സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ഇടുക്കി എം.പി. നേരിട്ട് ഹാജരാകണമെന്ന ദേവികുളം സബ്കളക്ടറുടെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഇടുക്കി ജില്ലയിലെ കോട്ടകമ്പൂരിൽ ഭൂമി കയ്യേറിയെന്ന കേസിൽ ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കുവാൻ ഇടുക്കി എം.പി. നേരിട്ട് ഹാജരാകണമെന്ന ദേവികുളം സബ് കളക്ടറുടെ ഉത്തരവിനെതിരായി ഫയൽ ചെയ്ത WP(C)-514/2019 നമ്പർ കേസ് 08.01.2019-ൽ തീർപ്പായിട്ടുള്ളതായി ബന്ധപ്പെട്ട സർക്കാർ പ്ലീഡർ ഫോൺ സന്ദേശം മുഖാന്തിരം ഇടുക്കി സബ്കളക്ടറെ അറിയിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച വിധിയുത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത കേസ് ഹൈക്കോടതി പരിഗണിച്ചപ്പോൾ റവന്യൂ വകുപ്പിന് വേണ്ടി ഹാജരായ അഭിഭാഷകർ ആരെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത കേസ് ഹൈക്കോടതി പരിഗണിച്ചപ്പോൾ സീനിയർ സർക്കാർ പ്ലീഡറായി അഡ്വ. സൈജി ജേക്കബ് പാലാട്ടി സർക്കാരിനുവേണ്ടി ഹാജരായിരുന്നു. |
| (സി) | നേരിട്ട് ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കണമെന്ന എം.പി.യുടെ അപേക്ഷ പരിഗണിച്ചപ്പോൾ സർക്കാർ അഭിഭാഷകൻ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (സി)നേരിട്ട് ഹാജരാകണമെന്ന അപേക്ഷയിന്മേൽ സർക്കാർ അഭിഭാഷകൻ സ്വീകരിച്ച നിലപാട് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| (ഡി) | കോട്ടകമ്പൂർ ഭൂമി ഇടപാടിൽ ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകളുമായി ഇടുക്കി എം.പി. ഹാജരാകണമെന്ന് അന്നത്തെ ആർ.ഡി.ഒ. പലതവണ ഉത്തരവിട്ടിട്ടും ഹാജരായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിനെതിരെ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയവും, തണ്ടപ്പേരും റദ്ദ് ചെയ്തതിനെതിരെ ഹർജിക്കാരൻ ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരുന്നു. ഹർജിക്കാരനെ ഒരിക്കൽകൂടി കേട്ടതിന് ശേഷം മാത്രം തീരുമാനമെടുക്കുന്നതിനായി ദേവികുളം സബ് കളക്ടർക്ക് റിമാന്റ് ചെയ്തുകൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കുകയും ടി സമയം വരെ പ്രസ്തുത ഭൂമി സർക്കാർ ഭൂമിയായി നിലനിൽക്കുന്നതാണെന്നും വ്യക്തമാക്കി ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഈ ഉത്തരവിനെതിരായി ഹർജി കക്ഷികൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)-27681/2018 നമ്പർ ഹർജിയിന്മേലുള്ള 14.08.2018 ലെ ഉത്തരവിൽ, ഹർജിക്കാരൻ ലാൻഡ് റവന്യു കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജിയിൽ കക്ഷികൾക്ക് യഥാവിധി നോട്ടീസ് നൽകി തീർപ്പാക്കേണ്ടതാണെന്നും ടി ഉത്തരവ് നടപ്പാകുന്നത് വരെ ഇടുക്കി ജില്ലാ കളക്ടറുടെ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ടും ഉത്തരവായിട്ടുള്ളതാണ്. ആയതിനെതുടർന്ന് ലാൻഡ് റവന്യു കമ്മീഷണറുടെ 23.11.2018 ലെ എൽ.ആർ.ജെ3-8420/18 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ ഉത്തരവിലെ ക്രമ നമ്പർ 2 ലെ "the land will stay in government possession" എന്ന വാദം റദ്ദ് ചെയ്ത് റിവിഷൻ ഹർജി ഭാഗികമായി അനുവദിച്ചിരുന്നു. ഈ കേസിന്മേൽ അന്തിമ ഉത്തരവ് ഉണ്ടാകുന്നതു വരെ ടി ഭൂമിയ്ക്ക് നികുതി സ്വീകരിക്കുകയോ, കൈവശാവകാശ സാക്ഷ്യപത്രം അനുവദിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാണെന്നും, വിചാരണവേളയിൽ കൈവശക്കാരൻ തന്റെ കൈവശാവകാശം തെളിയിക്കുന്നതിലേയ്ക്കായി ദേവികുളം സബ് കളക്ടർ മുമ്പാകെ ഹാജരാകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് 10.01.2019 ലേയ്ക്ക് വിചാരണ തീയതി നിശ്ചയിച്ച് കക്ഷികൾക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാന്മാർ ഹാജരായിട്ടില്ലാത്തതാണ്. തുടർന്ന് ഹർജിക്കാർ ഫയൽ ചെയ്ത WP(C)-514/2019 നമ്പർ കേസിന്മേൽ വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമാകുന്നതുവരെ ടി വിഷയവുമായി ബന്ധപ്പെട്ട് ദേവികുളം സബ് കളക്ടറുടെ കാര്യാലയത്തിലെ തുടർ നടപടികൾ നീട്ടി വയ്ക്കണമെന്ന് ബഹു. കോടതി ഉത്തരവിട്ടിട്ടുള്ളതായി സീനിയർ സർക്കാർ പ്ലീഡർ അഡ്വ.സൈജി ജേക്കബ് പലാട്ടി 10.01.2019-ൽ ദേവികുളം സബ്കളക്ടറെ ഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്. |

| | | |
|---|---|---|
| (ഇ) | നിരന്തരമായും നിയമവിരുദ്ധമായും സർക്കാർഭൂമി കയ്യേറുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) സർക്കാർ ഭൂമി കയ്യേറ്റക്കാർക്കെതിരെ 1957 ലെ കേരള ഭൂ സംരക്ഷണ നിയമം, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികൾ, 1971 ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം എന്നിവ പ്രകാരമുള്ള ഭൂസംരക്ഷണ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ